പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *387

15.07.2015 ൽ മറുപടി നൽകേണ്ടത്.

## ആഹാരപദാർത്ഥങ്ങളിലെ മായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ.എം. ആരിഫ്<br>" ഇ.പി. ജയരാജൻ<br>" കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>" എം ഹംസ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | പച്ചക്കറി, പഴം, പാൽ, എണ്ണ തുടങ്ങിയ ആഹാരപദാർത്ഥങ്ങളിലെല്ലാം അപകടകരമായ തോതിൽ മായം ചേർക്കുന്നത് വ്യാപകമായി വരുന്നതിന്റെ കാരണം പരിശോധിച്ചിരുന്നോ ; | എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ശേഖരിച്ച സാമ്പിളുകൾ പരിശോധിച്ചതിൽ പഴം, പാൽ, എണ്ണ എന്നിവയിൽ അപകടകരമായ മായം ചേർക്കൽ വ്യാപകമാണെന്ന് കണ്ടെത്തിയിട്ടില്ല. എന്നാൽ വ്യാപകമായ പരാതിയുടെ അടിസ്ഥാനത്തിൽ വെളിച്ചെണ്ണയുടെ സാമ്പിളുകൾ പരിശോധിച്ചതിൽ നിശ്ചിത ഗുണനിലവാരമില്ലാത്ത വെളിച്ചെണ്ണയുടെ വിൽപന ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 14 ബ്രാൻഡ് വെളിച്ചെണ്ണയുടെ ഉൽപ്പാദനവും വിതരണവും വിൽപ്പനയും സംസ്ഥാനത്ത് ഇതിനകം നിരോധിച്ചിട്ടുണ്ട്. |
| ബി) | കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് തയ്യാറാകുമോ ; | ബി) | മായം ചേർത്തതോ നിശ്ചിത ഗുണനിലവാരമില്ലാത്തതോ ആയ ഭക്ഷ്യോൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതോ വിതരണം ചെയ്യുന്നതോ വിൽപ്പന നടത്തുന്നതായോ കണ്ടെത്തിയാൽ ആയവർക്കെതിരെ 2006ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്ത്ആവശ്യത്തിന് ഭക്ഷ്യ ഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ; മനുഷ്യാവകാശ കമ്മീഷൻ നൽകിയ നിർദ്ദേശം പാലിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | സി) | നിലവിലെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം എല്ലാ സർക്കാർ അനലറ്റിക്കൽ ലാബുകൾക്കും എൻ.എ.ബി.എൽ അക്രിഡിറ്റേഷൻ നിയമപരമായ ആവശ്യകതയാണ്. അത്തരത്തിൽ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാകമ്മീഷണറുടെ നിയന്ത്രണത്തിൽ നിലവിലുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകളുടെയും എൻ.എ.ബി.എൽ അക്രഡിറ്റേഷൻ നടപടികൾ ത്വരിത ഗതിയിൽ പുരോഗമിക്കുകയാണ്. ഇത് സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതുമാണ്. നിലവിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പരിമിതി കണക്കിലെടുത്ത് എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാ ലാബുകൾ തുറക്കുക എന്നത് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതുമാണ്. എന്നാൽ ആയത് സംബന്ധിച്ച് സംസ്ഥാന മനുഷ്യവകാശ കമ്മീഷന്റെയും മറ്റുപല കോണുകളിൽ നിന്നും ഉണ്ടായിട്ടുള്ള നിർദ്ദേശവും കൂടി പരിഗണിച്ചു സംസ്ഥാനസർക്കാരിന്റെ സാമ്പത്തിക പരിമിതി കൂടി കണക്കിലെടുത്തും നിലവിൽ സർക്കാർ ഉടമസ്ഥതയിലോ പൊതുമേഖലയിലോ പ്രവർത്തിക്കുന്ന ഏ താനും എൻ.എ.ബി.എൽ അക്രഡിറ്റേഷൻ/ എഫ്.എസ്.എസ്.എ.ഐ നോട്ടിഫൈഡ് ആയ അനലിറ്റിക്കൽ ലാബുകളെയും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനായി 29.6.2015ലെ ജി.ഒ.ആർ.ടി.നം.2013/2015 എന്ന ഉത്തരവിലൂടെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). |

സെക്ഷൻ ഓഫീസർ

ഭരണാനുമതി

GOVERNMENT OF KERALA

**Abstract**

Health & Family Welfare Department- Inter Lab arrangements for the analysis of food samples under Food Safety and Standards Act & Rules- - Sanctioned - Orders issued.

**HEALTH & FAMILY WELFARE (E) DEPARTMENT**

G.O.(Rt)No.2013/2015/H&FWD. Dated, Thiruvananthapuram, 29/06/2015

READ : 1 Minutes of the meeting held by the Hon'ble Minister for Health on 24.06.2015

2. Letter No. D-3208/15/CFS, dated 24.06.2015 from the Commissioner of Food Safety, Thiruvananthapuram.

**ORDER**

As per Food Safety and Standards Act & Rules, the food laboratories should accredited by National Accreditation Board for Testing and Calibration Laboratories (NABL) for the purpose of carrying out analysis of samples under the Act. The present situation is that , analysis of certain parameters of food article cannot be performed in the State owned food testing laboratories due to inadequate lab facilities . In the case of other public/private sector laboratories which have NABL accreditation , service of Food Analyst is not available there. As per section 45 of FSS Act, statutory analysis of food samples shall be done by a Food Analyst notified by the Commissioner of Food Safety.

2) The Commissioner of Food Safety vide letter read above has submitted a proposal to make use of laboratories owned by other departments/Universities/Private sector having NABL accreditation/FSSAI notification or other laboratories having NABL accreditation is available for such parameters by using the service of Food analyst notified under FSS Act as a inter lab arrangement.

3)) Government have examined the proposal in detail and are pleased to grant permission to Commissioner of Food Safety to make use of following NABL accredited/ FSSAI notified laboratories to carry out statutory analysis of food samples

1.Laboratories under Animal Husbandry Department at Maradu.
2. Laboratories under the Veterinary university at Pookkodu and Mannuthy
3.Laboratory under Fisheries University at Panangad
4.Milk Testing laboratories under the Dairy Development Dept at Pattom and Alathur.

5.CFRD Lab at Konni.
6.Pesticide Residue Testing Lab under Kerala Agriculture University
7.Laboratories notified by FSSAI from time to time
8. Any other laboratory specified by Commissioner of Food Safety as the situation warrants

3) As per this inter lab arrangement , Food Safety Officer shall forward the samples to the Food analyst and the Food Analyst shall cause to be analysed such samples in any appropriate lab mentioned above if the required parameters cannot be performed by them in the State Food Analytical Laboratories

4) The expenditure for carrying out such analysis will be borne by Food Safety Department.

**(By Order of the Governor)**
**SAJEEV. E.P**
**Deputy Secretary to Government**

To

The Commissioner of Food Safety, Thiruvananthapuram.
The Accountant General (A&E/ Audit) Thiruvananthapuram.
The Director, Animal Husbandry Department ,Thiruvananthapuram.
The Director, Dairy Development Dept,Thiruvananthapuram.
The Registrar, Kerala Agriculture University,Vellayani,Thiruvananthapuram.
The Registrar, University of Fisheries & Ocean studies, Panangad,Kochi
The Registrar, Kerala Veterinary university,Mannuthy,Thrissur
The Director, CFRD. Konni
The Chief Government Analyst, Govt Analytical Laboratory, Thiruvananthapuram.
The Government Analyst, Regional Analytical Laboratory Ernakulam/Kozhikode
SF/OC

*Forwarded/By Order*

*Section Officer.*